വകുപ്പുമന്ത്രി ഈ സ്ഥലം സന്ദർശിച്ചതാണ്. അവിടെ താമസിക്കുന്ന മുഴുവൻ ആളുകളേയും മാറ്റി പാർപ്പിക്കണം എന്നാണ് അദ്ദേഹം അവിടെ കൂടിയ ആളുകളോട് പറഞ്ഞത്. അത് യാഥാർത്ഥ്യമാക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. അവിടത്തെ ജനങ്ങളുടെ ആഗ്രഹാനുസരണം തകർന്നു പോയിരിക്കുന്ന കടൽഭിത്തി ബലപ്പെടുത്തുകയും കടൽഭിത്തി ഇല്ലാത്ത സ്ഥലത്ത് പുലിമുട്ട് പോലുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം. ഈ ആവശ്യത്തെ മുൻനിർത്തി അവിടത്തെ ജനങ്ങൾ കൊല്ലം കളക്ടറേറ്റിനു മുന്നിൽ ഒരു ദിവസം ധർണയും പിക്കറ്റിംഗും നടത്തുകയുണ്ടായി. അവർ ഇപ്പോഴും സ്കൂളുകളിൽ കഴിയുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് കഴിഞ്ഞ രണ്ടു മാസമായി ജോലിക്കു പോകാൻ കഴിയുന്നില്ല. ക്യാമ്പിൽ കഴിയുന്ന ആളുകൾക്ക് ഇപ്പോൾ സൗജന്യഭക്ഷണം നൽകുന്നുണ്ട്. എന്നാൽ ജോലിക്ക് പോകാൻ കഴിയാത്ത ആളുകളുടെ കുടുംബം പട്ടിണിയിലാണ്. അവർക്ക് സൗജന്യറേഷൻ നൽകണം. കടൽഭിത്തി നിർമ്മിക്കുന്ന കാര്യത്തിലും പുലിമുട്ട് പോലുള്ള മറ്റ് എന്തെങ്കിലും സംവിധാനത്തെ സംബന്ധിച്ചും ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ഇരവിപുരം തീരപ്രദേശത്തെ കടൽ ക്ഷോഭവുമായി ബന്ധപ്പെട്ട് മുണ്ടയ്ക്കൽ, ഇരവിപുരം എന്നീ വില്ലേജുകളിൽ വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരമായി 2,66,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) ചവറയിൽ സുനാമി ദുരന്തത്തിനിരയായവരുടെ പുനരധിവാസം

ശ്രീ. ഷിബു ബേബിജോൺ: സർ, വളരെ ദൗർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷം എന്റെ നിയോജക മണ്ഡലത്തിൽ നിലനിൽക്കുകയാണ്. സുനാമി ദുരന്തം പിന്നിട്ടിട്ട് ഏഴ് മാസം കഴിഞ്ഞു. അവിടെ മൂന്ന് പഞ്ചായത്തുകളെയാണ് സുനാമി സാരമായി ബാധിച്ചത്. ആലപ്പാട് പഞ്ചായത്ത് കഴിഞ്ഞാൽ ഏറ്റവും രൂക്ഷമായി സുനാമി ബാധിച്ചത് ശക്തികുളങ്ങര മേഖലയിലാണ്. അവിടെ രണ്ടു മരണം നടന്നു. നൂറ് കണക്കിന് വീടുകൾ നഷ്ടപ്പെട്ടു. എന്നാൽ ഇതേവരെ പുനരധിവാസ പ്രവർത്തനത്തിന് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഒരു പ്രദേശത്തുമാത്രം ടെമ്പററി ഷെൽറ്ററിൽ 48 കുടുംബങ്ങളെ മാറ്റി താമസിപ്പിച്ചു. അല്ലാതെ ശക്തികുളങ്ങര മേഖലയിൽ അവർക്ക് സ്ഥിരം താമസിക്കുന്നതിനുവേണ്ടി ഇതുവരെ സ്ഥലം കണ്ടെത്തിയിട്ടില്ല. പത്മന മേഖലയിൽ പൊൻമന എന്ന സ്ഥലത്ത് മൻപത് കുടുംബങ്ങൾ ഷെൽറ്ററിൽ കഴിയുന്നു. ഒരു നടപടിയും ഉണ്ടായിട്ടില്ല. ചവറ പഞ്ചായത്തിലെ കോവിൽതോട്ടം മേഖലയിൽ ഒരു വർഷമായി സുനാമിക്ക് മുൻപുതന്നെ 5 കുടുംബങ്ങൾ ക്യാമ്പിൽ താമസിക്കുകയാണ്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാർ ആ സ്ഥലം സന്ദർശിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സുനാമി ഉണ്ടായത് ആദ്യം അറിഞ്ഞ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശക്തികുളങ്ങര മേഖല സന്ദർശിച്ച് അന്നേരം ഉറപ്പ് കൊടുത്തതാണ്. കടൽഭിത്തിയെക്കുറിച്ച് ഫിഷറീസ് വകുപ്പുമന്ത്രി കോവിൽതോട്ടം മേഖല സന്ദർശിച്ച് അവിടേയും ഉറപ്പു കൊടുത്തു. മന്ത്രിമാർ ഉറപ്പു കൊടുത്തില്ലെങ്കിൽ എന്തെങ്കിലും പറയാമായിരുന്നു. സുനാമി ബാധിച്ച് മുറിവേറ്റ് ചികിത്സാസഹായം ലഭിക്കാത്ത പല കേസുകളും ഉണ്ട്. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് ഇതിൽ ഇടപെടണം. സ്വാഭാവികമായും വിവേചനപരമായി പ്രവർത്തിക്കുന്നു എന്ന് സംശയിക്കേണ്ട സാഹചര്യം ഉണ്ടാകും. അത് ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് അടിയന്തിരമായി ഈ കാര്യത്തിൽ ഇടപെടണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, സുനാമി ബാധിത പ്രദേശമായ ചവറ, ശക്തികുളങ്ങര പഞ്ചായത്തു നിവാസികളായ 38 പേരെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ടുമെന്റുവക സ്ഥലമുണ്ടെന്ന് ഡിപ്പാർട്ടുമെന്റ് ജില്ലാകളക്ടറെ അറിയിച്ചു. ഞങ്ങൾക്ക് സ്വന്തമായി സ്ഥലമുള്ളതുകൊണ്ട് ഞങ്ങളവരെ പുനരധിവസിപ്പിച്ചു കൊള്ളാമെന്ന് കളക്ടറെ അറിയിച്ചതുകൊണ്ട് റവന്യൂ ഡിപ്പാർട്ടുമെന്റ് അതിൻമേൽ സ്ഥലം എടുക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചില്ല. ഫിഷറീസ് ഡയറക്ടറേറ്റ് ഗവൺമെന്റുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുകയാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റുതന്നെ അവരെ റീഹാബിലിറ്റേറ്റ് ചെയ്തുകൊള്ളും. ഇതാണ് അവിടത്തെ അവസ്ഥ. അതുപോലെ ഈ സ്ഥലത്ത് സുനാമി ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് കയ്ലോൺ സോഷ്യൽ സർവ്വീസസ് സൊസൈറ്റി എന്ന ഏജൻസിയെ കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) ഉള്ളൂർ ആക്കുളം-കുഴിവിള, മണ്ണന്തല-നാലാഞ്ചിറ, അമ്പലമുക്ക്-പരുത്തിപ്പാറ എന്നീ പ്രധാന റോഡുകൾ യാത്രായോഗ്യമാക്കൽ

ശ്രീ. കെ. മോഹൻകുമാർ : സർ, ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും വളരെ താൽപ്പര്യത്തോടെ അനുവദിച്ചുതന്ന വികസന പ്രവർത്തനങ്ങൾ ആരംഭിച്ച ഉള്ളൂർ-ആക്കുളം, മണ്ണന്തല- കേശവദാസപുരം റോഡുകൾ അടിയന്തിരമായി ഗതാഗത യോഗ്യമാക്കണം. നാലുവരിപ്പാതയാക്കാൻവേണ്ടി പണി തുടങ്ങിയ ഈ റോഡുകളിൽ ഫലത്തിൽ ഇപ്പോൾ ഗതാഗതം സ്തംഭിച്ചിരിക്കുകയാണ്. ഏതാണ്ട് ഒറ്റവരിപ്പാതയായി മാറിപ്പോയ മണ്ണന്തല ജംങ്ഷനിൽ കൂടി ഉറുമ്പിന്റെ വേഗതയിലാണ് വാഹനങ്ങൾ പോകുന്നത്. ചെളിക്കുളമായിപ്പോയ ഉള്ളൂർ-ആക്കുളം റോഡിൽ ആഴ്ചകളായി വാഹന ഗതാഗതം നിരോധിച്ചിരിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നിരവധി ഉന്നതതല സമ്മേളനങ്ങൾ വിളിച്ചുചേർത്തു എങ്കിലും റോഡുപണി ഇതുവരെ പൂർത്തിയായിട്ടില്ല. നിത്യരോഗിയായ അമ്പലംമുക്ക്-മുട്ടട റോഡ് ബഹുമാന്യനായ മന്ത്രി